പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1334 | 15-10-2026-ൽ മറുപടിയ്ക്ക്

ഡിജിറ്റൽ സർവേയുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. പ്രവീൺ | ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഡിജിറ്റൽ സർവേയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്ത് ആകെ 839 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആയതിൽ 266 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

120 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചു വരുന്നതും, 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെ സംബന്ധമായ പ്രാഥമിക ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

ആകെ 10.6 ലക്ഷം ഹെക്ടർ വിസ്തൃതിയിലെ 73.71 ലക്ഷം പാർസലുകളുടെ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച 266 വില്ലേജുകളിലും റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ 09/10/2026 വരെ ആകെ 1,84,804 LRM അപേക്ഷകൾ ലഭ്യമായിട്ടുള്ളതും, 1,05,957 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും, 1,26,161 അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

**(ബി)** ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ആധുനിക സർവെ സാങ്കേതികവിദ്യകളും കൃത്യതയാർന്ന അളവുരീതികളും ഉപയോഗിച്ച് നടത്തിയ ഡിജിറ്റൽ സർവെയിൽ, നിലവിലുള്ള റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിൽ നിന്ന് വ്യത്യാസം കണ്ടെത്തുന്ന പക്ഷം, അന്തിമ വിജ്ഞാപനത്തിന് മുമ്പ് പുനഃപരിശോധന (Re-verification) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, കരട് വിജ്ഞാപന ഘട്ടത്തിൽ ഭൂവുടമകൾക്ക് പരാതികൾ സമർപ്പിക്കുന്നതിനും അന്തിമ വിജ്ഞാപനത്തിനുശേഷം റീസർവെയുമായി ബന്ധപ്പെട്ട പരാതികൾ ഡിജിറ്റൽ ലാൻഡ് റെക്കോർഡ് മെയിന്റനൻസ് (Digital LRM) സംവിധാനത്തിലൂടെ സമർപ്പിക്കുന്നതിനും അവസരമുണ്ട്.

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിക്ക് ആധാരപ്രകാരമുള്ള വിസ്തീർണത്തിൽ നിന്നും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് ക്രമവൽക്കരിക്കുന്നതിനായുള്ള ബിൽ ബഹു. നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ആയത് ബഹു. നിയമസഭ പാസാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ നിലവിൽ ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**(സി)** ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ കാരണം നികുതി സ്വീകരിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി, കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ട്, 1961- ലെ സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ വില്ലേജ് ഓഫീസർമാർ ILIMS മുഖേന ഒറ്റത്തവണ പരിശോധന (One Time Certification - OTC) പൂർത്തിയാക്കുന്ന മുറയ്ക്ക് ഡിജിറ്റൽ ബേസിക് ടാക്സ് രജിസ്റ്ററിൽ (d-BTR) രേഖപ്പെടുത്തിയിട്ടുള്ള ഭൂവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഭൂനികുതി സ്വീകരിക്കുന്നതിന് 13.01.2025 ലെ സ.ഉ.(കൈ ) No. 7/2025/ആർ.ഡി. പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതും, വിസ്തീർണ്ണ വ്യത്യാസം മൂലം ഭൂനികുതി സ്വീകരിക്കുന്നതിന് നേരിടുന്ന തടസ്സം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**(ഡി)** വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ കാരണം നികുതി സ്വീകരിക്കാത്തതിനാൽ നികുതി രശീത് ആവശ്യമുള്ള കാർഷിക ധനസഹായങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് അപേക്ഷിക്കാൻ ഭൂവുടമകൾക്ക് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

**മറുപടി:** ഡിജിറ്റൽ സർവെയിലൂടെ നിർണയിച്ചിട്ടുള്ള ഭൂവിസ്തീർണ്ണവും പഴയ റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂവിസ്തീർണ്ണവും തമ്മിൽ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ 13.01.2025-ലെ സ.ഉ.(കൈ) നം. 7/2025/ആർ.ഡി. പ്രകാരം ഡിജിറ്റൽ സർവെ പൂർത്തിയാക്കി കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ട്, 1961-ലെ സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതിനും ഡിജിറ്റൽ രേഖകളുടെ അടിസ്ഥാനത്തിൽ തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'എന്റെ ഭൂമി' പോർട്ടലിന്റെ (ILIMS) ഭാഗമായി വില്ലേജ് ഓഫീസർ മുഖേന ഒറ്റത്തവണ പരിശോധന ( OTC) പൂർത്തിയാക്കിയശേഷം ഡിജിറ്റൽ ബേസിക് ടാക്സ് രജിസ്റ്ററിൽ (d-BTR) രേഖപ്പെടുത്തിയിട്ടുള്ള ഭൂവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഭൂനികുതി സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ, ഉടമസ്ഥാവകാശത്തെ ബാധിക്കാത്ത പേര്, വിലാസം തുടങ്ങിയവയിലെ അക്ഷരത്തെറ്റുകൾ തിരുത്തുന്നതിനുള്ള പരാതികൾക്കും ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട മറ്റ് ഡിജിറ്റൽ ഭൂവിവര പരിപാലന പരാതികൾക്കും (Digital LRM) പ്രത്യേക വിഭാഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ നിലനിൽക്കുന്ന സാഹചര്യങ്ങളിലും നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നികുതി രസീതിൽ പുതിയ ഡിജിറ്റൽ സർവെ നമ്പറിനു പുറമേ ലഭ്യമായ പഴയ സർവെ/റീസർവെ നമ്പറുകളും ബ്ലോക്ക് നമ്പറുകളും ഉൾപ്പെടുത്തുന്നതിനും ഡിജിറ്റൽ സർവ രേഖകളിൽ വരുത്തുന്ന മാറ്റങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ILIMS-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി ILIMS മുഖേന ഡിജിറ്റൽ LRM പരാതി സമർപ്പിക്കുന്നതിനും പ്രസ്തുത പരാതികൾ ഒരു മാസത്തിനുള്ളിൽ പരിഹരിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഡിജിറ്റൽ സർവെ രേഖകളും റവന്യൂ രേഖകളും തമ്മിലുള്ള വ്യത്യാസങ്ങൾ പരിശോധിച്ച്

നിയമാനുസൃതമായി പരിഹരിക്കുന്നതിനും ഭൂവുടമകൾക്ക് ഭൂനികുതി അടച്ച് നികുതി രസീത് ലഭ്യമാക്കുന്നതിനും അതുവഴി കാർഷിക ധനസഹായങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി നികുതി രസീത് ഉപയോഗിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**